PENCIL

Process Ensuring for Natural Classroom Interaction and Learning

എല്ലാവർക്കും പഠനനേട്ടം അധ്യാപന മികവിലൂടെ

ബിആർസി അരീക്കോട് 3,4 മലയാളം ട്രൈഔട്ട്, പാഠാസൂത്രണരേഖ (കരട്)

| ക്ലാസ് : 3 | യൂണിറ്റ് 6 - കളിയും കാര്യവും | മൊഡ്യൂൾ 12. | എലിയും പൂച്ചയും |
|---|---|---|---|

| | |
|---|---|
| **ആമുഖം** | കുഞ്ചൻ നമ്പ്യാരുടെ ഘോഷയാത്ര എന്ന കൃതിയിലെ ഒരു ഭാഗമാണ് ഈ പാഠം. മഹാഭാരത കഥയെ അവലംബമാക്കിയാണ് നമ്പ്യാർ ഈ കഥ രചിച്ചിട്ടുള്ളത്. ശാശ്വതമായി ആർക്കും ശത്രുക്കളായി തുടരാനാവില്ല എന്നും ബദ്ധശത്രുക്കൾ പോലും പലപ്പോഴും പരസ്പരം സഹായിക്കേണ്ടി വരാറുണ്ട് എന്നും ഈ കഥ നമ്മെ ഓർമ്മപ്പെടുത്തുന്നു. |
| **പഠനനേട്ടം** | കവിത കേട്ട് സ്വന്തം ഭാഷയിൽ പറഞ്ഞും എഴുതിയും അവതരിപ്പിക്കുന്നു. കവിത കേട്ട് ആസ്വദിക്കുകയും ആശയമുൾക്കൊണ്ടുകൊണ്ട് ഈണം, താളം, ഭാവം, എന്നിവയോടെ ചൊല്ലുന്നു. സർഗ്ഗാത്മകരചനകളിൽ ഏർപ്പെടുന്നു. സഹപാഠികളുടെ രചനകൾ വിലയിരുത്തി ആശയങ്ങൾ, പ്രയോഗങ്ങൾ എന്നിവ വിശകലനം ചെയ്ത് സ്വന്തം രചനകൾ മെച്ചപ്പെടുത്തുന്നു. |
| **ആശയം** | ശത്രുവാണെങ്കിലും ആപത്തിൽപ്പെട്ടാൽ സഹായിക്കേണ്ടതാണ്. |
| **വ്യവാഹാര രൂപം** | കവിത, സംഭാഷണം, കഥ |
| **സാമഗ്രികൾ** | തുള്ളൽ സി.ഡി, ടീച്ചർവേർഷൻ, പഞ്ചതന്ത്രം കഥ |
| **സമയം** | 6 മണിക്കൂർ |
| **പ്രവർത്തനങ്ങൾ** | 1. കവിതയിലേക്ക് 2. കവിത വായന 3. വരികൾ കണ്ടെത്താം 4. ഉത്തരം കണ്ടെത്താം. 5. വിശകലന ചോദ്യങ്ങൾ 6. ഈണത്തിൽ പാടാം 7. അഭിനയം 8. സംഭാഷണമെഴുതാം. 9. കഥ തുടരാം 10. എഡിറ്റിംഗ് 11. ചൊല്ലി രസിക്കാം 12. ചിത്രത്തിൽ നിന്നു കഥ 13. ശേഖരിക്കാം 14. വരയ്ക്കാം. |
| **വായനാ സാമഗ്രി** | പഞ്ചതന്ത്രം കഥ, ഓട്ടൻതുള്ളൽ - ഐതിഹ്യം |
| **സർഗ്ഗവേദി** | തുള്ളൽ അവതരണം, കഥ, സംഭാഷണം |
| **ദിനാചരണം** | |
| **സി.പി.ടി.എ** | ഉല്പന്ന പ്രദർശനം, തുള്ളൽ കഥ, സംഭാഷണം - പ്രകടനം |

**പ്രവർത്തനം - സൂക്ഷ്മപ്രക്രിയ**

**1. വായനയിലേക്ക്**

വലയിൽ കുടുങ്ങിയ കിളികൾ വലയുമായി ഒന്നിച്ചു പറന്നുയർന്നു രക്ഷപ്പെട്ട കഥ ടീച്ചർ ഭാവാത്മക മായി പറയുന്നു. കൂട്ടായ്മയുടെ വിജയമാണ് ഈ പക്ഷികളും വേടനും കഥാപാത്രമായ ഈ കഥ യുടെ ഉള്ളടക്കം. ഇവിടെ കിളികളുടെ ശത്രുവാണ് വേടൻ. അതുപോലെ ചില മൃഗങ്ങൾ തന്നെ മറ്റു മൃഗങ്ങളുടെ ജന്മശത്രുക്കളായി പറയാറുണ്ട്. ഏതെല്ലാമാണത് - കുട്ടികൾ പറയുന്നു.

കോഴി - കുറുക്കൻ, എലി - പൂച്ച, പാമ്പ് - കീരി


ഇവർ തമ്മിൽ കണ്ടാലെന്താണ് സംഭവിക്കുക? കുട്ടികൾ പ്രതികരിക്കുന്നു. എല്ലായ്പ്പോഴും അങ്ങനെ തന്നെയാവണമെന്നുണ്ടോ? ഒരിക്കൽ ഒരു പൂച്ച, രാത്രി സമയം കാട്ടിലൂടെ പോവുകയായിരുന്നു. കാട്ടിൽ തിരഞ്ഞാൽ ഒരെലിയെങ്കിലും കിട്ടാതിരിക്കില്ല. എന്നെല്ലാം വിചാരിച്ച് പോകുമ്പോൾ, കാട്ടുമൃഗ ങ്ങളെ പിടിക്കാൻ ഒരു വേട്ടക്കാരൻ വെച്ച വലയിൽ പൂച്ച കുടുങ്ങി. എന്തെല്ലാമായിരിക്കും അപ്പോൾ പൂച്ചയുടെ വിചാരം കുട്ടികൾ പ്രതികരിക്കുന്നു. അപ്പോൾ അതുവഴി ഒരു എലി വരുന്നുണ്ടായിരുന്നു. പിന്നീട് എന്താണ് സംഭവിച്ചിട്ടുണ്ടാവുക. കുട്ടികൾ ഊഹിച്ചു പറയുന്നു. ടീച്ചർ ബോർഡിൽ എഴുതു ന്നു. എന്നാൽ ഇതു തന്നെയാണോ യഥാർത്ഥത്തിൽ ഉണ്ടായത്? എങ്ങനെ കണ്ടെത്താം? പാഠ വായ നയിലേക്ക്

**2. കവിത വായന** കുട്ടികൾ വ്യക്തിഗതമായി എലിയും പൂച്ചയും തുള്ളൽ വായിക്കുന്നു. കണ്ടെ ത്തിയ കാര്യങ്ങൾ അവതരിപ്പിക്കുന്നു. ടീച്ചർ ബോർഡിൽ എഴുതുന്നു. ആദ്യം പറഞ്ഞതുമായി താര തമ്യം ചെയ്യുന്നു. കുട്ടികളെ അഭിനന്ദിക്കുന്നു. എല്ലാവർക്കും പാഠത്തിലെ ആശയം കണ്ടെത്താൻ കഴി ഞ്ഞോ? എന്തുകൊണ്ടാണ് കഴിയാത്തത്? അർത്ഥമറിയില്ല, വായിക്കാൻ കഴിഞ്ഞില്ല, വായിച്ചതിന്റെ ആശയം കിട്ടിയില്ല. എങ്കിൽ മൂന്നംഗ ഗ്രൂപ്പിൽ രണ്ടുവരി വീതം വായിച്ച് ആശയം ചർച്ച ചെയ്യൂ. വായി ക്കുമ്പോൾ ഇഷ്ടപ്പെട്ട വരി, അറിയുന്നവ, അറിയാത്തവ (-, ✓, X) യഥാക്രമം ചിഹ്നം അടയാളപ്പെടു ത്തുക. തുടർന്ന് ഇഷ്ടപ്പെട്ടവ, അറിയുന്നവ, അറിയാത്തവ, ഗ്രൂപ്പിൽ ചർച്ച ചെയ്ത് വ്യക്തത വരു ത്തുക. നോട്ടുപുസ്തകത്തിൽ എഴുതുന്നു. ഗ്രൂപ്പുകൾ പൊതുവായി അവതരിപ്പിക്കുന്നു. ആവർത്തനം ഒഴിവാക്കണം. ചർച്ച - ടീച്ചർ ആശയങ്ങൾ ക്രോഡീകരിക്കുന്നു. ഇപ്പോൾ ഈ ക്ലാസിലെ എല്ലാ കുട്ടി കൾക്കും ഈ കവിതയിലെ ആശയം വാക്കുകളുടെ അർത്ഥം എന്നിവ അറിയാം. അറിയാത്തവരുണ്ടെ ങ്കിൽ അവരെ സഹായിക്കാൻ സഹപഠന സംഘങ്ങൾ രൂപീകരിച്ച് ചുമതല നൽകുന്നു.

**പ്രതികരണപേജിലേക്ക് :** വായനയിൽ എന്തു പുരോഗതി? ഇനിയും നേരിടുന്ന പ്രയാസങ്ങൾ ?

**3. വരികൾ കണ്ടെത്താം (30 മിനിട്ട് )**

നൽകിയിരിക്കുന്ന വർക്ക് ഷീറ്റിൽ ചില ആശയങ്ങൾ നൽകിയിരിക്കു ന്നു. അതിനു യോജിച്ച വരികൾ കണ്ടെത്തി എഴുതണം. വ്യക്തിഗത മായി വർക്കഷീറ്റ് 3119 നൽകുന്നു.



പാഠം വായിച്ച് വരികൾ കണ്ടെത്തി എഴുതുന്നു. മൂന്നംഗ ഗ്രൂപ്പിൽ അവ തരണം - ചർച്ച പൊതു അവതരണം - ടീച്ചർ അഭിപ്രായം പറയുന്നു

**പ്രതികരണ പേജിലേക്ക്**

എല്ലാവർക്കും സ്വയം പൂർത്തിയാക്കാൻ കഴിഞ്ഞോ? ഈ പ്രവർത്തനം കുട്ടികൾ താല്പര്യത്തോടയാണോ ചെയ്തത്? തനിക്കുണ്ടായ തിരിച്ച റിവുകൾ?

**4. ഉത്തരം കണ്ടെത്താം**

പാ.പു. പേജ് 85 ലെ ഉത്തരം കണ്ടെത്താം എന്ന പ്രവർത്തനം കുട്ടികൾ വായിക്കുന്നു. എന്താണ് ചെയ്യേണ്ടത് എന്ന് ചിലരോട് പറയാനാവശ്യപ്പെടുന്നു. ആവശ്യമെങ്കിൽ ടീച്ചർ വിശദീകരിക്കുന്നു.

തുടർന്ന് കുട്ടികൾ വ്യക്തിഗതമായി ഉത്തരം കണ്ടെത്തി എഴുതുന്നു. ചെറുഗ്രൂപ്പിൽ അവതരണം ചർച്ച മെച്ചപ്പെടുത്തൽ

**പൊതുഅവതരണം** (ഒരു ചോദ്യത്തിന്റെ ഉത്തരം ഒരു ഗ്രൂപ്പു വായിച്ചുകഴിഞ്ഞാൽ മറ്റ് ഗ്രൂപ്പുകൾ അതിലേക്ക് കൂട്ടിച്ചേർത്താൽ മതി. ആവർത്തനം ഒഴിവാക്കണം) ഇവിടെയും ടീച്ചർ ഒരു പ്രഖ്യാപനം നടത്തണം, ഇപ്പോൾ എല്ലാ കുട്ടികൾക്കും ഈ കവിതയുടെ ആശയം മനസ്സിലായിട്ടുണ്ട്. കുട്ടികൾ പ്രതി കരിക്കുന്നു.

**പ്രതികരണ പേജിലേക്ക്**

കഴിഞ്ഞ നാലു പ്രവർത്തനങ്ങൾ എങ്ങനെയാണ് ആശയ ഗ്രഹണത്തെ സഹായിച്ചത്? സമയ ബന്ധി തമായി പ്രവർത്തനം ചെയ്യാൻ കഴിയുന്നുണ്ടോ? ആഗസ്റ്റ് മാസത്തിൽ നിന്നും എന്തു വ്യത്യാസമാണ് ഇപ്പോൾ അനുഭവപ്പെടുന്നത്? എല്ലാവരിലും ആശയ ഗ്രഹണം നടന്നോ?

**5. വിശകലന ചോദ്യങ്ങൾ**

1. ജന്മ വൈരിയായ എലിയോട്, തനിക്ക് യാതൊരു കലഹവുമില്ല എന്ന് പൂച്ച പറഞ്ഞതെന്തുകൊണ്ട്? 2. അക്ഷരങ്ങളുടെ ആവർത്തനം ചെല്ലൽ സുഖം നൽകും. ഈ കവിതയിൽ നിന്നും ഉദാഹരണങ്ങൾ എടുത്ത് വിശദീകരിക്കുക 3. ഇഷ്ടപ്പെട്ട വരി കണ്ടെത്തി എന്തുകൊണ്ടെന്ന് വിശദമാക്കുക 4. പൂച്ച യുടെ രക്ഷപ്പെടാനുള്ള തന്ത്രങ്ങൾ എന്തെല്ലാം? വ്യക്തിഗതമായി കുട്ടികൾ ഉത്തരം കണ്ടെത്തുന്നു. (5 മിനിട്ട് ) ചിലരെക്കൊണ്ട് പറയിക്കുന്നു. തുടർന്ന് വ്യക്തിഗതമായി എഴുതുന്നു. (നോട്ടുബുക്കിൽ ചോദ്യമെഴുതി അതിനു ചുവടെ ഉത്തരമെഴുതണം) (10 മിനിറ്റ് ) മൂന്നംഗ ഗ്രൂപ്പിൽ ഓരോരുത്തരും അവതരിപ്പിക്കുന്നു. ഓരോ ചോദ്യത്തിനുമുള്ള ഉത്തരവും ചർച്ച ചെയ്ത് ധാരണയാക്കി എഴുതിയ ശേഷം വേണം അടുത്ത ചോദ്യം എടുക്കാൻ (15 മിനിറ്റ് ) ഗ്രൂപ്പുകളുടെ അവതരണം : ഒരു ഗ്രൂപ്പ് വായിച്ച ചോദ്യം മറ്റ് ഗ്രൂപ്പുകൾ ആവർത്തിക്കേണ്ട. അവതരണ സമയത്ത് അവരെഴുതിയത് അവതരി പ്പിക്കാം. ചർച്ചയും ടീച്ചർവേർഷൻ അവതരണവും നടന്ന ശേഷം വേണം അടുത്തചോദ്യം എടു ക്കാൻ.

**ടീച്ചറുടെ രചന**

1. ജന്മ ശത്രുവും ഇരയുമായ എലിയോട് നിന്നോടെനിക്ക് കലഹമില്ല എന്ന് പറഞ്ഞതിന് ഈ സന്ദർഭ ത്തിൽ പ്രസക്തിയുണ്ട്. വേട്ടക്കാർ വിരിച്ച വലയിൽപെട്ടിരിക്കുകയാണ്. വേട്ടക്കാർ വരുന്നതിന് മുമ്പ് മറ്റ് വന്യമൃഗങ്ങൾ വന്നാൽ അവ തന്നെ കൊന്നു തിന്നും. വേട്ടക്കാരന് അവന്റെ ഇര കിട്ടാത്ത ദേഷ്യം തന്നോടായിരിക്കും കാണിക്കുക. ഇനി ഈ എലിക്ക് മാത്രമെ തന്നെ രക്ഷിക്കാനാവൂ. അവൻ വിചാരിച്ചാൽ നിഷ്പ്രയാസം വല മുറിക്കാൻ കഴിയും. അതിനാൽ ശത്രുവാണെങ്കിലും പുകഴ്ത്തിയാൽ ആരും അനുസരിച്ചു പോകും എന്ന വസ്തുത ഉൾക്കൊണ്ടാണ് കൗശലക്കാര നായ പൂച്ച ഇങ്ങനെ പറഞ്ഞത്.
2. അക്ഷരങ്ങളുടെ ആവർത്തനം ചൊല്ലൽ സുഖം നൽകും. ആദ്യത്തെ പതിനാലു വരികളിൽ രണ്ടാ മത്തെ അക്ഷരം ' ര ' യാണ് തുടർന്ന് 'ല ' യും ഈ പ്രാസഭംഗി കവിതക്ക് മിഴിവേകുന്നുണ്ട്. കുഞ്ചൻ നമ്പ്യാരുടെ കവിതകളുടെ പ്രധാന സവിശേഷതയാണ് ശബ്ദഭംഗി. ഒരു മാർജ്ജാരം ഇര, തരസാ, കരം, പരവശൻ, അരികെ, പെരുച്ചാഴി, കരവൂതം, കരയുന്നത് - തുടങ്ങിയ പദങ്ങളുടെ തെരഞ്ഞെടുപ്പ് കവിതയെ മികവാർന്നതാക്കുന്നു.
3. വലയിൽ ചാടി വലഞ്ഞിതു ഞാനൊരു / ഫലമില്ലാതെ മരിക്കാറായി. ഈ വരികളാണ് എനിക്കി ഷ്ടമായത് പൂച്ചയുടെ ദൈന്യാവസ്ഥ പൂർണ്ണമായും പ്രതിഫലിപ്പിക്കുന്ന വരികളാണിത്. മരണം ഏതാണ്ട് ഉറപ്പായിരിക്കുന്നു. രക്ഷപ്പെടാൻ യാതൊരു വഴിയുമില്ല. തന്റെ ജന്മം പാഴായിരിക്കുന്നു. എന്ന് പൂച്ച കരുതുന്നത് ഈ സാഹചര്യത്തിലാണ്. അപ്പോഴാണ് എലി അവിടെ എത്തുന്നത്. തന്റെ ജന്മശത്രുവും നിസ്സാരനും ഇരയുമാണ് എലി. മരണം മുന്നിൽ കാണുമ്പോൾ ആർക്കാണ് ശത്രുതയുണ്ടാവുക. തന്റെ അവസ്ഥ എലിയോടു പറഞ്ഞ് ജീവൻ രക്ഷിക്കാനുള്ള അവസാന ശ്രമ

മാണ് ഈ വരികളിൽ കാണുന്നത്.

4. നിസ്സാരനായ എലിയെ അംഗീകരിക്കുകയും പുകഴ്ത്തുകയും ചെയ്തു- മൂഷിക വീരൻ എന്നാണ് ജന്മശത്രുവും നിസ്സാരനുമായ എലിയെ പൂച്ച അഭിസംബോധന ചെയ്യുന്നത്. തന്റെ ദൈന്യത അവതരിപ്പിച്ചും, എലിയും പൂച്ചയും തമ്മിലുള്ള ശത്രുത പഴങ്കഥയാണെന്നും തനിക്ക് എലിയോട് ശത്രുതയില്ലെന്നും പറയുന്നു. വലമുറിക്കാൻ പല കൗശലവുമുള്ള ആളാണ് എലിയെന്നും താങ്കൾ പുലിയേക്കാൾ വലിയവനാകും എന്നും ആശംസിക്കുന്നു.

**പ്രതികരണ പേജിലേക്ക്**

മികവുറ്റ കുട്ടികൾക്ക് ഉത്തരം കണ്ടെത്താൻ കഴിഞ്ഞോ? ടീച്ചർവേർഷൻ കുട്ടികളുടെ നിലവാരത്തിന് അനുയോജ്യമാം വിധം മാറ്റേണ്ടതുണ്ടോ.?

**6. ഈണത്തിൽ പാടാം (30 മിനിറ്റ്)**

കവിതയിലെ ആശയം, ഭാവം എന്നിവ കുട്ടികൾ ഇതിനകം ഉൾക്കൊള്ളുകയും പല തവണ വായിക്കുകയും ചെയ്തിട്ടുണ്ട്. ഇനി വ്യക്തിഗതമായി ഈണം കണ്ടെത്തട്ടെ. രണ്ടു മൂന്ന് പേർക്ക് ആലപിക്കാനാവസരം മികച്ചവ കണ്ടെത്തുന്നു. എന്തുകൊണ്ട് മികച്ചതായി എന്ന് വിശദീകരിക്കണം.

കുട്ടികളുടെ പങ്കാളിത്തത്തോടെ സൂചകം വികസിപ്പിക്കുന്നു. അനുയോജ്യമായ ഭാവവും ഈണവും ആശയവ്യക്തതയോടെയുള്ള ആലാപനം, തള്ളലിന്റെ രീതി സ്വീകരിച്ചിട്ടുണ്ട്. തുടർന്ന് മൂന്നംഗ ഗ്രൂപ്പിൽ അവതരണം. ഒരാൾ ചൊല്ലുമ്പോൾ മറ്റുള്ളവർ സൂചകം വെച്ച് വിലയിരുത്തുന്നു. നിർദ്ദേശങ്ങൾക്കനുസരിച്ച് മാറ്റാം. ഗ്രൂപ്പിൽ മികച്ചവ കണ്ടെത്തുന്നു. ഗ്രൂപ്പുകളുടെ അവതരണം മറ്റ് ഗ്രൂപ്പുകൾ വിലയിരുത്തുന്നു. ചർച്ച ടീച്ചറുടെ ആലാപനം (സി.ഡി.യുമാവാം) കുട്ടികൾ വിലയിരുത്തുന്നു. പിന്നീട് ജോഡികൾ പുതിയ ധാരണയോടെ പരസ്പരം ചൊല്ലുന്നു.

**പ്രതികരണ പേജിലേക്ക്**

മറ്റ് കവിതകളിൽ നിന്നും എന്തു പ്രയാസമാണ് ഈ കവിതാഭാഗം ഈണം നൽകുന്നതിന് കുട്ടികൾ നേരിട്ടത്? ടീച്ചറുടെ ഇടപെടൽ എങ്ങനെ? സ്വന്തം പാടി അവതരിപ്പിക്കാൻ കഴിഞ്ഞോ? ഐ.സി.ടി. സാധ്യത ഉപയോഗിച്ചുവോ?

**7. അഭിനയിക്കാം (20 മിനിറ്റ്)**

എലിയും പൂച്ചയും എന്ന പാഠത്തിൽ അഭിനയ സാധ്യതയുള്ള ഭാഗങ്ങൾ ഏതെല്ലാമാണ്? കുട്ടികൾ കണ്ടെത്തട്ടെ. കണ്ടെത്തിയ ഭാഗങ്ങൾ അവതരണം. ടീച്ചർ ബോർഡിൽ എഴുതുന്നു. (5 മിനിറ്റ്)

• പൂച്ച നടന്ന് നടന്ന് വലയിൽ കുടുങ്ങുന്നത് • പൂച്ച എലിയെ വിളിക്കുന്നത് • വലയിൽ കുടുങ്ങിയ പൂച്ചയുടെ അവസ്ഥ • പൂച്ചയും എലിയും തമ്മിലുള്ള ഭാഷണം • എലി വലമുറിക്കുന്നത്

രണ്ടംഗ ഗ്രൂപ്പ് അവർക്ക് ഇഷ്ടമുള്ള ഭാഗം തെരഞ്ഞെടുക്കുന്നു. എങ്ങനെ അഭിനയിക്കാം എന്ന് ഗ്രൂപ്പിൽ ചർച്ച ചെയ്യുന്നു. (10 മിനിറ്റ്) ഗ്രൂപ്പുകൾ അവതരിപ്പിക്കുന്നു. മറ്റ് ഗ്രൂപ്പുകൾ വിലയിരുത്തുന്നു.

**പ്രതികരണ പേജിലേക്ക്**

• അഭിനയത്തിലെ പങ്കാളിത്തം • അഭിനയത്തിന്റെ നിലവാരം • തിരിച്ചറിവുകൾ

**8. സംഭാഷണമെഴുതാം (40 മിനിറ്റ്)**

പാ. പു പേജ് 85 ലെ ചോദ്യം കുട്ടികൾ വായിക്കുന്നു. എന്താണ് ചെയ്യേണ്ടതെന്ന് കുട്ടികൾ പറയുന്നു. വലയിൽ കുടുങ്ങിയ പൂച്ച, എലിയോട് സഹായം അഭ്യർത്ഥിക്കുന്നതാണ് സന്ദർഭം. അവർ തമ്മിൽ നടക്കാനിടയുള്ള സംഭാഷണം എഴുതണം. വ്യക്തിഗതയമായി എഴുതുന്നു. ഒന്നു രണ്ടു പേർക്ക് വായിക്കാനവസരം. മികച്ച സംഭാഷണത്തിന്റെ സൂചകം തയ്യാറാക്കുന്നു (സംഭാഷണത്തിന്റെ തുടർച്ച പരസ്പര ബന്ധം, സ്വാഭാവികത) നാലംഗ ഗ്രൂപ്പിൽ വായിച്ച് മെച്ചപ്പെടുത്തുന്നു. ജോഡികളായി സംഭാഷണം പറയുന്നു. മികച്ചവ ജോഡികളായി സംഭാഷണം പറയുന്നു. മികച്ചവ പൊതു



അവതരണം - ചർച്ച, ടീച്ചർ എഴുതിയ സംഭാഷണം അവതരിപ്പിക്കുന്നു. (ചാർട്ട് / ഫോട്ടോകോപ്പി) കുട്ടികൾ സ്വന്തം രചനകളുമായി താരതമ്യം ചെയ്യുന്നു. സൂചകം വെച്ച് വിലയിരുത്തുന്നു. ചർച്ച - സ്വന്തം രചന മെച്ചപ്പെടുത്തുന്നു.

**9. കഥ തുടരാം**



PENCIL
Process Ensuring for Natural Classroom Interaction and Learning

ഓർമ്മകളുണ്ടായിരിക്കണം

10

എലി വലമുറിച്ചു. പൂച്ച രക്ഷപ്പെട്ടു. പിന്നീടെന്താണ് സംഭവിച്ചിട്ടുണ്ടാവുക? കുട്ടികൾ പ്രതികരിക്കുന്നു. എന്നാൽ മറ്റൊരു സന്ദർഭത്തിൽ എലിയെ രക്ഷിക്കാൻ പൂച്ചക്ക് അവസരം ലഭിച്ചു. എങ്ങനെയായിരിക്കും പൂച്ച എലിയെ രക്ഷിച്ചത്? വ്യക്തിഗതമായി കഥ തയ്യാറാക്കൂ. (15 മിനിറ്റ്) മൂന്ന് വിഭാഗത്തിലും പെട്ട ഓരോരുത്തർക്ക് വായിക്കാനവസരം. മിച്ചത് എന്തുകൊണ്ട്. കുട്ടികൾ സവിശേഷതകൾ പറയുന്നു. ടീച്ചർ സൂചകങ്ങളായി ബോർഡിൽ എഴുതുന്നു.

- നൽകിയ ആശയങ്ങളുമായുള്ള പൊരുത്തം • മികച്ച തുടക്കവും ഒടുക്കവും • ഭാവനാത്മകമായ രചന • കഥക്കനുയോജ്യമായ തലക്കെട്ട് • മികച്ച കഥാനുസന്ദർഭങ്ങൾ

മൂന്നംഗ ഗ്രൂപ്പിൽ അവതരണം സൂചകം വെച്ച് പരസ്പരം വിലയിരുത്തൽ - പൊതുഅവതരണം - മറ്റ് ഗ്രൂപ്പുകൾ വിലയിരുത്തൽ - ടീച്ചറുടെ ക്രോഡീകരണം. ടീച്ചറുടെ രചന വായിക്കുന്നു. ചാർട്ട്/ഫോട്ടോ കോപ്പി നൽകണം. സ്വന്തം രചനയുമായി താരതമ്യം ചെയ്യുന്നു. കുട്ടികൾ കഥ വിലയിരുത്തുന്നു. സ്വന്തം രചന മെച്ചപ്പെടുത്തുന്നു.

**10. എഡിറ്റിംഗ് (30 മിനിറ്റ് )**

ഒരു ഗ്രൂപ്പിൽ രചന എഡിറ്റിങ്ങിനായി തെരഞ്ഞെടുക്കുന്നു. ചാർട്ടിൽ എഴുതി പൊതുവായി അവതരിപ്പിക്കുന്നു. ചോദ്യങ്ങൾ ചോദിച്ച് എഡിറ്റ് ചെയ്യുന്നു. (ആശയം, വാക്യഘടന, പദം, അക്ഷരം)

**വ്യവഹാര രൂപ തലം**

- നിർദ്ദേശിച്ച ആശയവുമായി ബന്ധപ്പെട്ടവയാണ്. • ആകർഷകമായ തുടക്കവും ഒടുക്കവും • ഭാവനാത്മകമായ രചന • അനുയോജ്യമായ തലക്കെട്ട്

**പ്രതികരണ പേജിലേക്ക്**

കഥ എല്ലാവരും എഴുതിയോ? ജൂൺമാസത്തിലെ കഥയിൽ നിന്നും ഭാഷാപരമായും വ്യവഹാര രൂപ തലത്തിലും കുട്ടികൾക്കുണ്ടായ പുരോഗതി?

**11. ചൊല്ലി രസിക്കാം (20 മിനിറ്റ്)**

പാ.പു. പേജ് 87 ലെ പ്രവർത്തനം വായിക്കുന്നു. സംഘത്തിൽ പാടി അവതരിപ്പിക്കുന്നു. പൊതുഅവതരണം. ഇതുപോലെ കുഞ്ചൻ നമ്പ്യാരുടെ പ്രസിദ്ധവരികൾ ശേഖരിച്ച് ക്ലാസിൽ അവതരിപ്പിക്കുന്നു. (ഗൃഹപാഠം)

**12. ചിത്രത്തിൽ നിന്നും കഥ**

പേജ് 87 ലെ പ്രവർത്തനം എന്താണ് ചെയ്യേണ്ടത്? വ്യക്തിഗതമായി വായിക്കുന്നു. വിശദീകരിക്കുന്നു. കഥ പറയുന്നു. (ഒന്നുരണ്ടു പേർ) തുടർന്ന് വ്യക്തിഗതമായി എഴുതുന്നു. മൂന്നംഗ ഗ്രൂപ്പിൽ വായിച്ചവതരണം - മെച്ചപ്പെടുത്തൽ പൊതു അവതരണം ചർച്ച - വിലയിരുത്തൽ മെച്ചപ്പെടുത്തൽ, ടോം ആന്റ് ജെറി കഥ (ഒന്ന്) എഴുതുന്നു (ഗൃഹപാഠം) പതിപ്പിലേക്ക്

**14. ശേഖരിക്കാം (30 മിനിറ്റ്)**

- നമ്പ്യാരുമായി ബന്ധപ്പെട്ട ഫലിതകഥകൾ ശേഖരിച്ച് ക്ലാസിൽ അവതരണം - ചർച്ച
- പയ്യെ നിനക്കും പക്കത്താണോ ഊണ്
- കരികലക്കിയ കളം കളഭം കലക്കിയ കുളം

**15. വരയ്ക്കാം (10 മിനിറ്റ് )** എലിയുടെ ചിത്രം പാഠപുസ്തകത്തിൽ വരച്ച് ചേർക്കുന്നു.

# PENCIL

**Process Ensuring for Natural Classroom Interaction and Learning**


**എല്ലാവർക്കും പഠനനേട്ടം അധ്യാപന മികവിലൂടെ**

**ബിആർസി അരീക്കോട് 3,4 മലയാളം ട്രൈഔട്ട്, വർക്ക്ഷീറ്റ് - 3119**

| ക്ലാസ് : 3 | യൂണിറ്റ് 6 - കളിയും കാര്യവും | മൊഡ്യൂൾ 12. | എലിയും പൂച്ചയും |
|---|---|---|---|

## വരി കണ്ടെത്താം

| ആശയം | വരികൾ |
|---|---|
| • എലിയും പൂച്ചയും വലിയ ശരീരമുള്ളവരാണ് എന്ന് സൂചിപ്പിക്കുന്ന വരികൾ | |
| • കാര്യം കാണാനായി പൂച്ച എലിയെ പ്രശംസിക്കുന്ന വരികൾ | |
| • എലിക്ക് പൂച്ചയെ രക്ഷിക്കാൻ വലിയ താല്പര്യമില്ലായിരുന്നു എന്ന് സൂചന ലഭിക്കുന്ന വരികൾ | |
| • രക്ഷപ്പെടാനുള്ള മാർഗ്ഗം സൂചിപ്പിക്കുന്ന വരികൾ | |
| • വലമുറിക്കാൻ എലി തയ്യാറായി | |



| ക്ലാസ് : 3 | യൂണിറ്റ് 6 - കളിയും കാര്യവും | മൊഡ്യൂൾ 12. | എലിയും പൂച്ചയും |
|---|---|---|---|

# എലിയും പൂച്ചയും

പൂച്ച : എലിക്കുട്ടാ.. എലിക്കുട്ടാ... ഒന്നിങ്ങടുത്തുവാ..

എലി : നിന്റെ സൂത്രമൊക്കെ എനിക്കറിയാം. ഇന്നലെ ഒരു പൂച്ചയുടെ പിടിയിൽ നിന്നും ഞാൻ തലനാരിഴക്കാണ് രക്ഷപ്പെട്ടത്. കാര്യം പറയൂ.

പൂച്ച : നീയങ്ങനെ പറയല്ലെ. നീയൊരു മൂഷികവീരൻ തന്നെ. എന്റെ അവസ്ഥ നോക്കൂ. ഈ വലയിൽക്കുടുങ്ങിയ ഞാൻ വിശന്നുവലഞ്ഞിരിക്കുന്നു. ഞാനിനി ഇവിടെക്കിടന്നു മരിക്കേണ്ടിവരും.

എലി : നീ ഇതൊക്കെ എന്തിനാണ് എന്നോടു പറയുന്നത്. ഞങ്ങളുടെ ആജന്മ ശത്രുക്കളല്ലേ പൂച്ചകൾ. നീ മരിക്കുന്നതിൽ ഞാനെന്തിന് സങ്കടപ്പെടണം. സന്തോഷിക്കുകയല്ലേ വേണ്ടത്.

പൂച്ച : നിന്റെ ഒരു കാര്യം. നമ്മൾ തമ്മിൽ ശത്രുക്കളാണെന്ന് പഴമക്കാർ പറയാറുണ്ട്. എനിക്ക് നിന്നോട് ഒരു വിരോധവുമില്ല. നീ അതു മനസ്സിലാക്കണം.

എലി : നീ പറയുന്നത് സത്യം തന്നെയാണോ?

പൂച്ച : പലതരം സൂത്രങ്ങളും അറിയുന്നവനാണ് നീ. വലയുടെ ചരട് കടിച്ച് മുറിക്കാൻ നിന്നെപ്പോലെ കഴിവുള്ള മറ്റൊരാളുണ്ടോ? നീ കുറച്ചു കഴിയുമ്പോൾ എലിയല്ല പുലിയെക്കാൾ വലിയവനാകും. ഒരു സംശയവുമില്ല.

എലി : ശരി.....ശരി..... നിന്റെ പ്രയാസം ഞാൻ മനസ്സിലാക്കുന്നു. ഞാൻ വല മുറിച്ചു തരാം.




| | | |
|---|---|---|
| | PENCIL<br>Process Ensuring for Natural Classroom Interaction and Learning<br>എല്ലാവർക്കും പഠനനേട്ടം അധ്യാപന മികവിലൂടെ<br>ബിആർസി അരീക്കോട് 3,4 മലയാളം ട്രൈഔട്ട്, വായനയുടെ വഴിയിലൂടെ - 3182 | DIET MALAPPURAM |

| | | | |
|---|---|---|---|
| ക്ലാസ് : 3 | യൂണിറ്റ് 6 - കളിയും കാര്യവും | മൊഡ്യൂൾ 12. | എലിയും പൂച്ചയും |

# ഓർമ്മകളുണ്ടായിരിക്കണം

നേരം സന്ധ്യയാകാറായി. ആകാശം ചുവന്നു. സൂര്യൻ കടലിലേക്കിറങ്ങാൻ താമസമില്ല. വണ്ണൻ പൂച്ചയും കൂട്ടുകാരും ഇരതേടി പുഴയുടെ തീരത്തെ കുറ്റിക്കാട്ടിലുണ്ട്. പൊന്തക്കാടിന്റെ മറുവശത്ത് ഉണക്ക ഇലകൾ ചിലക്കുന്ന ശബ്ദം വണ്ണൻപൂച്ച ലക്ഷ്യംതെറ്റാതെ ഒറ്റച്ചാട്ടം. സാമാന്യം വലുപ്പമുള്ള ഒരെലി വണ്ണൻപൂച്ചയുടെ പിടിയിലായി. പെട്ടെന്ന് വണ്ണൻപൂച്ച പിടിവിട്ട് രണ്ടടി പിന്നോട്ട് മാറി. കണ്ണനെലി തരിച്ചു നില്ക്കുകയാണ്. എന്താ കണ്ണാ നിനക്കെന്നെ മനസ്സി ലായില്ലേ. ഞാനാണ് വണ്ണൻപൂച്ച. ദിവസങ്ങൾക്ക് മുമ്പ് നീ വലമുറിച്ച് രക്ഷിച്ച വണ്ണൻപൂച്ച. കണ്ണ നെലി ദീർഘനിശ്വാസം വിട്ടു. ഞാൻ പേടിച്ചുപോയി. മറ്റാരെങ്കിലുമായിരുന്നെങ്കിൽ എന്റെ കഥ കഴിഞ്ഞതുതന്നെ. കണ്ണനെലി തുറന്നു പറഞ്ഞു. വണ്ണൻപൂച്ച വിശേഷങ്ങൾ ചോദിച്ചു. അന്നു പിരിഞ്ഞതിൽ പിന്നെ കണ്ടിട്ടില്ല. സുഖം തന്നെയല്ലേ. നിന്റെ കൂട്ടുകാരെ പേടിച്ച് പുറത്തിറങ്ങി നടക്കാൻ കഴിയാത്ത അവസ്ഥയാണ്. മറ്റാരെങ്കിലും കൂടെയുണ്ടോ? രണ്ട് കൂട്ടുകാർ ആ പൊന്ത ക്കാട്ടിലുണ്ട്. അവരിപ്പോഴിങ്ങെത്തും. അതിന് മുമ്പ് രക്ഷപ്പെട്ടോ! വണ്ണൻപൂച്ച പറഞ്ഞു തീരും മുമ്പ് പൊന്തക്കാടിളക്കി കൂട്ടുകാരെത്തി. കണ്ണാ..... ഓടിക്കോ..... ഞാൻ നിന്റെ പുറകേ ഓടും. നീ പോയി ആമാളത്തിലൊളിച്ചൊ! വണ്ണൻപൂച്ച എലിയുടെ പുറകെ ഓടുന്നതുകണ്ട് മറ്റ് പൂച്ചകളും വണ്ണന്റെ പുറകെ ഓടി. ഒടുവിൽ മാളത്തിനടുത്തെത്തി. വണ്ണൻ പറഞ്ഞു. ഒരു വലിയ എലി യാണ് കിട്ടിയാൽ നമുക്ക് മൂന്നു പേർക്കും വയറുനിറയും പക്ഷെ ഒരു കാര്യം ഈ മാളത്തിൽ കയറാൻ കഴിയില്ല. കൂടെയുള്ള പൂച്ചകൾ ഒരുപായം പറഞ്ഞു. നമുക്ക് ഈ മാളം പൊളിക്കാം. ഇവിടെ മണലിലായതുകൊണ്ട് പൊളിക്കാൻ പ്രയാസമില്ല. വണ്ണൻ പൂച്ച ആലോചിച്ചു. മാളം പൊളിച്ചാൽ എലിയുടെ കാര്യം കഷ്ടമാവും. ഇനി എന്തു ചെയ്യും. അവൻ ഒരു സൂത്രം പ്രയോ ഗിച്ചു. അവൻ ഉറക്കെപ്പറഞ്ഞു. ഈ മാളത്തിലേക്ക് ഒരു വഴി കൂടിയുണ്ട്. അവൻ അതിലൂടെ പുറത്തു കടക്കും. അതിനാൽ നമുക്കവിടെ കാവൽ നില്ക്കണം. കണ്ണനെലി പുറത്തു കടക്കു മ്പോൾ നിങ്ങൾ ചാടി വീഴണം. ഇതു കേട്ടപ്പോൾ കൂട്ടുകാരുടെ വായിൽ വെള്ളമൂറി. അവർ പുഴ യുടെ തീരത്തുള്ള പൊന്തക്കാടും കടന്ന് വയലുകൾക്കപ്പുറത്ത് എത്തി. ഈ മാളമാണ് ഞാൻ പറഞ്ഞത്. വണ്ണൻ പൂച്ച കാണിച്ചുകൊടുത്തു. ഇവിടെ കാത്തിരുന്നോളൂ. ഞാൻ പോയി മാള ത്തിന്റെ മറുവശം അടച്ചു വരാം. അല്ലെങ്കിൽ എലി അതിലെ രക്ഷപ്പെടും. വണ്ണൻപൂച്ച പറഞ്ഞു.



മാളത്തിന്റെ മുന്നിലെത്തിയ വണ്ണൻപൂച്ച കണ്ണനെലിയെ വിളിച്ചു. കണ്ണനെലി പതുക്കെ പുറത്തുവന്നു. നീയെനിയും പോയിട്ടില്ലെ. വേഗം രക്ഷപ്പെട്ടോ. എന്റെ കൂട്ടുകാർ വരുംമുമ്പെ ഓടി രക്ഷപ്പെട്ടോ. കണ്ണനെലിക്ക് കാര്യം മനസ്സിലായി. തന്നെ രക്ഷിക്കാനാണ് വണ്ണൻ ശ്രമിച്ചതെന്ന്. നന്ദി എന്റെ ജീവൻ രക്ഷിച്ചതിന്. വണ്ണൻപൂച്ചയുടെ നല്ല മനസ്സിന്. കണ്ണൻ ശരവേഗത്തിൽ പൊന്തക്കാട്ടിലേക്ക് ഓടി മറഞ്ഞു.